**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4643** **19-03-2025 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗ ശല്യം മൂലമുള്ള കൃഷി നാശത്തിന് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | 1980 ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ഉത്തരവ് പ്രകാരവും കാലാകാലങ്ങളിൽ ടി ഉത്തരവിലെ ഭേദഗതി പ്രകാരവുമാണ് മനുഷ്യ-വന്യമൃഗ സംഘർഷത്തിലെ കൃഷി നാശങ്ങൾക്കുള്ള നഷ്ടപരിഹാരം നൽകിവരുന്നത്. കൃഷി നാശങ്ങൾക്ക് കണക്കാക്കപ്പെടുന്ന തുകയുടെ 100%, പരമാവധി ഒരു ലക്ഷം രൂപവരെ നഷ്ടപരിഹാരം നൽകിവരുന്നു. ഇപ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള കൃഷിനാശത്തിന് ഒരു അപേക്ഷകന് ഒരു വർഷം പരമാവധി നാല് തവണ വരെ നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. |
| (ബി) | 2016 മുതൽ മണ്ണാർക്കാട് മണ്ഡലത്തിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചത് മൂലം കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കർഷകർക്ക് നൽകിയിട്ടുണ്ട്; നൽകിയ തുകയുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ബി) | മണ്ണാർക്കാട് ഡിവിഷനു പരിധിയിൽ മണ്ണാർക്കാട് മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ കൃഷിനാശത്തിനുള്ള നഷ്ടപരിഹാത്തിനായി നൽകിയിട്ടുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഒരു ഫോറസ്റ്റ് റെയിഞ്ചിനു കീഴിൽ ഒന്നിൽക്കൂടുതൽ പഞ്ചായത്തുകൾ ഉള്ളതിനാൽ റെയിഞ്ച് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | അപേക്ഷ നൽകിയ കർഷകരിൽ പലർക്കും നാളിതുവരെ നഷ്ടപരിഹാരം ലഭ്യമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ആവശ്യമായ രേഖകൾ സഹിതം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അർഹമായ നഷ്ടപരിഹാരത്തുക ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് നൽകിവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

*(തുക ലക്ഷം രൂപയിൽ)*

| വർഷം | മണ്ണാർക്കാട് റെയിഞ്ച് | | അട്ടപ്പാടി റെയിഞ്ച് | | അഗളി റെയിഞ്ച് | | ആകെ | |
|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 2016-17 | 124 | 16.40 | 42 | 5.50 | 32 | 4.26 | **198** | **26.19** |
| 2017-18 | 167 | 19.88 | 54 | 6.43 | 42 | 5.01 | **263** | **31.32** |
| 2018-19 | 132 | 20.45 | 76 | 11.77 | 42 | 6.52 | **250** | **38.74** |
| 2019-20 | 111 | 19.81 | 100 | 12.80 | 38 | 12.94 | **249** | **45.55** |
| 2020-21 | 137 | 18.83 | 81 | 9.73 | 47 | 3.08 | **265** | **31.66** |
| 2021-22 | 249 | 28.56 | 69 | 6.70 | 86 | 8.36 | **404** | **43.63** |
| 2022-23 | 241 | 27.90 | 51 | 8.65 | 99 | 12.55 | **391** | **49.11** |
| 2023-24 | 142 | 13.98 | 68 | 12.90 | 28 | 3.40 | **238** | **30.29** |
| 2024-25 | 184 | 11.81 | 80 | 5.13 | 32 | 2.06 | **296** | **19.00** |
| **ആകെ** | **1487** | **177.62** | **621** | **79.61** | **446** | **58.18** | **2554** | **315.49** |